ഇടശ്ശേരിയുടെ
കൂട്ടുകൃഷി
സി.ടി. ബഷീർ

1

# ഇടശ്ശേരിയുടെ കൂട്ടുകൃഷി

**സി.ടി. ബഷീർ**

എഴുപതുകളിൽ മുന്നൂറോളം നാടകങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. അത് ക്രമേണ ചുരുങ്ങിച്ചുരുങ്ങി വന്നു. എൻ.പി. ചെല്ലപ്പൻ നായരുടെ ഹാസ്യനാടകങ്ങൾക്ക് നല്ല ജനപ്രീതിയുണ്ടായിരുന്നു. 'ആററംബോംബ്' പോലുള്ള നാടകങ്ങൾ പ്രത്യേകിച്ചും അറുപതുകളിൽ അങ്കുരാവസ്ഥയിലുണ്ടായിരുന്ന നാടക രചനയും അവതരണവുമാണ് എഴുപതുകളിൽ പുഷ്കലമായത്. എൻ.എൻ. പിള്ള, കെ.ടി. മുഹമ്മദ്, കെ.എസ്. നമ്പൂതിരി, കൈനിക്കര കുമാരപിള്ള, പി.ആർ. ചന്ദ്രൻ, ഓംചേരി, ജി. ശങ്കരപ്പിള്ള, കാവാലം നാരായണപ്പണിക്കർ, കെ.എം. ചിദംബരം, തോപ്പിൽ ഭാസി, ആലിക്കോയ എന്നിവർ നാടകരംഗത്ത് കുറേക്കാലം ഉറച്ചുനിന്നു. എൻ.എൻ. പിള്ളയുടെ 'കാപാലിക', 'ഇതുഭൂമിയാണ്', 'ആലിക്കോയയുടെ 'വമ്പത്തീ നീയാണു പെണ്ണ്', കെ.പി.സി.സി. അവതരിപ്പിച്ച എല്ലാ നാടകങ്ങളും അതത് കാലത്തെ സാമൂഹ്യനീതികളെ സ്പർശിക്കുന്നവയായിരുന്നു. നാടകം വായിക്കാനുള്ളതല്ല, അവതരിപ്പിച്ചു കാണാനുള്ള കലാ കൗതുകം തന്നെയാണ്. ഒ. അബുവിന്റെ 'ഹറാമിന്റെ മക്കൾ', ആലിക്കോയയുടെ 'ജ്ജ് ഒരു മനിസനാവാൻ നോക്ക്' ഈ കൃതികളെല്ലാം അഭിനേതാക്കളിലൂടെയാണ് ജനപ്രീതി നേടിയത്. ബഷീറിന്റെ 'കഥാബീജം' എന്ന നാടകം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. സിനിമാരംഗത്തേക്ക് പിച്ചവെച്ച വളരെ പേർ നാടകത്തിൽ അരങ്ങേറിയവരാണ്. ഗാനരചയിതാക്കളായ ഒ.എൻ.വിയുടെയും പി. ഭാസ്കരന്റെയും വയലാറിന്റെയും തുടക്കം നാടകങ്ങളിലൂടെയായിരുന്നു. കലാനിലയവും കാളിദാസ കലാകേന്ദ്രവും നാടകങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി.

മലയാള നാടക സാഹിത്യ ചരിത്രത്തിൽ ഇടശ്ശേരിയുടെ 'കൂട്ടുകൃഷി'ക്ക് അതിപ്രധാനമായ സ്ഥാനമുണ്ട്. സ്വാതന്ത്ര്യബോധത്തിന്റെയും അതിനായുള്ള എല്ലാ മതവിഭാഗങ്ങളുടെയും ഐക്യപ്പെടലും അടിസ്ഥാന വർഗത്തിന്റെ ഒരുമയിലൂടെ ജന്മനാടിന് നൽകാനാവുന്ന സുഭിക്ഷതയും അതിരുകളില്ലാത്ത മാനവിക ബോധത്തിന്റെ സംസ്ഥാപനവും ലക്ഷീകരിച്ച് എഴുതപ്പെട്ട വിജയശ്രീലാളിതമായ നാടകമാണിതെന്നു ബേവിഞ്ച മാഷ് എഴുതുന്നു. 'ധീരനൂതന ലോകം' സൃഷ്ടിക്കുന്നതിനായി സാഹിത്യ സൃഷ്ടിയും ആസ്വാദനവും ജീവിതതാളമായി കൊണ്ടുവരുന്നവരുടെ കൂട്ടമായിരുന്നു കൂട്ടുകൃഷിയുടെ പിന്നിൽ പ്രവർത്തിച്ചത്. നാടകങ്ങൾ ഒരു ചെറിയ സംഘത്തിനു മുന്നിൽ അവതരിപ്പിച്ച് അവരുടെ അഭിപ്രായപ്രകാരം തെററുകൾ തിരുത്തി പരിഷ്കരിച്ചു വലിയ സദസ്സിനു മുന്നിൽ കുററമററ രീതിയിൽ അവതരിപ്പിക്കുകയായിരുന്നു പഴയ രീതി. 'കൂട്ടുകൃഷി' എന്ന് പേരുള്ള മനോഹര നാടകം നാടകമായി അരങ്ങേറുന്നതിനു മുൻപ് ഈ പ്രക്രിയകളെല്ലാം മുഴുമിപ്പിച്ചിരുന്നു. അതുകൊണ്ടുതന്നെ ഈ നാടകം സമൂഹ ഹൃദയത്തിൽ എളുപ്പം സ്ഥാനം പിടിച്ചു.

പൊന്നാനിയിലെ ഒരു കൊച്ചു സംഘത്തിന്റെ കൂട്ടായ്മയാണ് കൂട്ടുകൃഷി സംരംഭമായി വളർന്നത്. യുവപ്രതിഭകൾ അവരുടെ രചനകൾ ഒരിടത്തുകൂടി ചർച്ച ചെയ്യുകയും ആവശ്യമായ മാററിത്തിരുത്തലുകൾ വരുത്തി പൊതുജന മധ്യത്തിൽ അവതരിപ്പിക്കുകയും ചെയ്യാൻ തുടങ്ങി. നാടിനും നാട്ടാർക്കും ഗുണം സിദ്ധിക്കുന്ന ചിന്ത അവരിലെപ്പോഴും എഴുന്നുനിന്നു. ജന്മിക്കുവേണ്ടി കൃഷി ചെയ്തുകൊടുക്കുന്ന കുറേ തുണ്ടുഭൂമികൾ ആ ഗ്രാമത്തിലുണ്ടായിരുന്നു. അവരിൽ ഒരു പുതിയ ചിന്ത ഉണർന്നു– "നമ്മൾ ജാതിമത വ്യത്യാസം മറന്ന് ഈ തുണ്ടുഭൂമികൾ സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്താൽ കുറേ പണം ലാഭിച്ചുകൂടേ" എന്നതായിരുന്നു ആ ചിന്ത. ആ ചിന്തയോടൊപ്പമാണ് ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകരചന. ആ നാടകത്തിലെ മൂർച്ചയുള്ള വാക്കുകൾ ഹൃദയത്തിലേക്കു തുളച്ചുകയറുന്നതായിരുന്നു. ബേവിഞ്ച ഇടശ്ശേരിയെ വിശേഷിപ്പിക്കുന്നതുപോലും ഇങ്ങനെയാണ്. "വേഷത്തിലും ഭാവത്തിലും സംസാരത്തിലും പദപ്രയോഗത്തിലും വേറിട്ട വ്യക്തിത്വം കൊണ്ട് ഉരുക്കിന്റെ കരുത്തമായി ജീവിച്ച വ്യക്തി." ഉറൂബിന്റെയും ഇടശ്ശേരിയുടെയും ഇ.പി. സുമിത്രന്റെയും ആശയമായിരുന്നു എഴുത്തിലൂടെ ഒരു നൂതന ലോകം പടുത്തുയർത്തണമെന്നത്. നേരെ ചൊവ്വേയുള്ള ജീവിതം നയിച്ചാൽ വിജയം കണ്ടെത്തില്ല എന്ന ദുഷ്ചിന്തയാണ് ഇടശ്ശേരിയുടെ കൂട്ടുകൃഷി തിരുത്തിയത്.

ജീവിക്കാനുള്ള തത്രപ്പാടിൽ ജാതിമതഭേദമെന്യേ ഒരു കൂട്ടം ആളുകൾ ഒരുമിക്കുന്നു. മനസ്സിലെ വരമ്പുകളാണ് ആദ്യമായി വെട്ടി നീക്കികളയേണ്ടതെന്നു

ബാപ്പുവിനും ശ്രീധരനും മനസ്സിലായി. അബൂബക്കറും വേലുവും പറങ്ങോടൻ നായരുമാണ് മററു കഥാപാത്രങ്ങൾ. ലക്ഷ്യത്തിലെത്താൻ ഇവരുടെയെല്ലാം കൈക്കോട്ടുകൾ ഒരുമിച്ചുയരുന്നു. 'പൊന്നാനി എഴുത്തിന്റെ' സൗഭാഗ്യമായി, കൂട്ടായ്മയുടെ മഹത്വമായി, സഹകരണബോധത്തിന്റെ ഉത്തമ നിദർശനമായി ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' സാഹിത്യ നാടക വേദിയിൽ ഒരിടം ആർജ്ജിച്ചു.

ചെറുകാടിന്റെ 'നമ്മളൊന്ന്' എന്ന കൃതിയുമായി താരതമ്യപ്പെടുത്തി 'കൂട്ടുകൃഷി'യെ വിലയിരുത്താനുള്ള വകകൾ ധാരാളമുണ്ട്. അതിലും ജന്മിയും കൃഷിക്കാരനും ഹിന്ദുവും മുസൽമാനും, അവർ തമ്മിലുള്ള ബന്ധവുമാണ് പ്രതിപാദ്യ വിഷയം. നമ്മിലൊന്നിലെ അന്ത്യം വിപ്ലവകരമാണ്. കൂട്ടുകൃഷിയിലേത് സഹകരണാത്മകമാണ് എന്ന വ്യത്യാസം മാത്രം. റഷ്യയിലെ കൂട്ടുകൃഷി സമ്പ്രദായത്തെ പററി ധാരാളം പ്രസിദ്ധീകരണങ്ങൾ പ്രത്യക്ഷപ്പെട്ട ഒരു കാലത്താണ് ഇടശ്ശേരിയുടെ കൂട്ടുകൃഷിയും അരങ്ങേറുന്നത്. ഉറൂബ് അടക്കമുള്ള പ്രശസ്തർ ഈ നാടകത്തിൽ അഭിനയിച്ചിരുന്നു. "തുടിക്കുന്ന നാടൻ ജീവിതത്തിൽ നിന്നു മുറിച്ചെടുത്ത ഒരു കഷണം" എന്നായിരുന്നു പത്രങ്ങൾ അന്ന് നാടകത്തെ വിശേഷിപ്പിച്ചത്. വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', കെ. ദാമോദരന്റെ 'പാട്ടബാക്കി' എന്നീ സന്ദേശ നാടകങ്ങളുടെ തുടർച്ചയായ കൂട്ടുകൃഷി ഹിന്ദുവിനെയും മുസ്ലിമിനെയുമെന്നപോലെ ഗാന്ധിയനെയും കമ്മ്യൂണിസ്റ്റുകാരനെയും ഒരുപോലെ സന്തോഷിപ്പിച്ചു. ഇവിടെയായിരുന്നു ഇടശ്ശേരി ഗോവിന്ദൻനായരുടെ വിജയം. "വെറുതെയൊന്ന് കിക്കിളിപ്പെടുത്തി ചിരിപ്പിക്കാനായി ഒരൊററ വാക്കും ഇതിൽ ഉച്ചരിക്കപ്പെട്ടിട്ടില്ല. ഓരോ വാക്കും ഓരോ ചേഷ്ടയും ഓരോ കഥാപാത്രവും മുഖ്യമായ കഥാബന്ധത്തിന് അനുപേക്ഷണീയമാകുന്നു." എൻ.വി. കൃഷ്ണവാരിയർ അവതാരികയിൽ എഴുതിയത് ഇപ്രകാരമായിരുന്നു. അദ്ദേഹം ഉള്ളടക്കത്തെപ്പററി മൂന്നുനാലു വിയോജനക്കുറിപ്പുകൾ രേഖപ്പെടുത്തിയതും വിസ്മരിക്കുന്നില്ല.

നൂറിലധികം കേന്ദ്രങ്ങളിൽ അവതരിപ്പിച്ച, നാടക വേദിയിലെ നാഴികക്കല്ലായിരുന്ന ഒരു കൃതിയെയാണ് ബേവിഞ്ച മാഷിന്റെ സൂക്ഷ്മമായ കണ്ണുകൾ കണ്ടെത്തി പരിചയപ്പെടുത്തിതരുന്നത്. 1949-ലാണ് പൊന്നാനിയിൽ ഈ നാടകം ആദ്യമായി അരങ്ങേറിയത്. ഗ്രാമീണ ജീവിതം അതിന്റെ സകല വിശേഷതകളോടുംകൂടി അവതരിക്കപ്പെട്ടപ്പോൾ കാണികളെല്ലാം കോരിത്തരിച്ചു. പാടത്തെ ചേറിന്റെയും കന്നിന്റെയും മണമുള്ള സംഭാഷണമാണതിലുള്ളതെന്ന് അവർ തിരിച്ചറിഞ്ഞു. മിശ്രവിവാഹത്തിന്റെ ഒരു സങ്കലനം കൂടി കഥയിലുണ്ടായിരുന്നു. സുകുമാരൻ എന്ന ഹിന്ദു, ആയിഷയെന്ന മുസ്ലിം യുവതിയെ സ്നേഹിച്ചതാണത്. ഉറൂബിന്റെ ഉമ്മാച്ചുവിലും നാമതു കാണുന്നു. ഐക്യത്തിന്റെ ഒരു സിംബലായി മിശ്രവിവാഹം അന്നത്തെ കൃതികളിലെല്ലാം സ്ഥലം പിടിച്ചിട്ടുണ്ട്. കൂട്ടുകൃഷിയുടെ കാര്യത്തിൽ നാടകാവതരണമാണ് ആദ്യമുണ്ടായത്. കുറേ കഴിഞ്ഞശേഷമാണ് നാടകകൃതി വെളിച്ചം കണ്ടത്.

1950-60 വരെ അവതരിപ്പിക്കപ്പെട്ട നാടകങ്ങൾ, സാമൂഹ്യ പരിഷ്ക്കരണ രംഗത്തെ നല്ലവണ്ണം ചൂടുപിടിപ്പിച്ചു. 1970-80 കാലത്താണ് മുന്നൂറോളം നാടകങ്ങൾ, മത്സരിച്ചുവന്നത്. കേരളത്തിന്റെ ഉൽബുദ്ധതയോട് ബന്ധപ്പെട്ടതാണ് നാടകാവിഷ്കരണത്തിലെ വൈവിധ്യം. രാഷ്ട്രീയരംഗത്തും സാമുദായിക രംഗത്തും അതു കാര്യമായ ഗുണം ചെയ്തു. സംഗീതം ചിറകുവിരുത്തിയതും നാടകങ്ങളിലൂടെയായിരുന്നു.